# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3001** 18.06.2018-ൽ മറുപടിയ്ക്ക്

**കണ്ടല്ലൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണം**

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി തുക അനുവദിച്ചിട്ടും പദ്ധതിപ്രവർത്തനങ്ങൾ നടക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്ന പ്രസ്തുത പ്രദേശത്ത് എത്രയും പെട്ടെന്ന് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | എ) & ബി) | ഉണ്ട്. സമഗ്ര തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 2010 -11 ൽ ആലപ്പുഴ, എറണാകുളം ജില്ലകളിൽ കുടിവെള്ള പദ്ധതിക്ക് 980 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് 138.6 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി ലഭ്യമാക്കിയതായി അറിയിച്ചിരുന്നുവെങ്കിലും കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും കരാറിൽ ഒപ്പുവച്ചിരുന്നില്ല .ടി പദ്ധതി ടെൻഡർ ചെയ്തെങ്കിലും കേരള വാട്ടർ അതോറിറ്റി ഇതുവരെയും വർക്ക് ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 17.05.2017-ന ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു. എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**